Santhigiri

ഗുരുവാണി

" നമുക്ക് പറ്റിയിരിക്കുന്ന അടിസ്ഥാനപരമായ അമളി ഗുരുമഹിമ എന്തെന്ന് മനസ്സിലാകാത്തതാണ്."

ഉമ്മിണിതങ്കം

VOL 04 | ISSUE 50 | 2018 ഡിസംബർ 02 | 1194 വൃശ്ചികം 16

Newspaper published from Santhigiri Ashram / For Private Circulation Only / www.santhigiriashram.org / തിരുവനന്തപുരം റൂറൽ

# പൂജിതപീഠം സമർപ്പണം 2019 : പ്രചരണ പരിപാടികൾക്ക് തുടക്കമാകുന്നു

**സ്പിരിച്വൽ സോൺ:** 2019 ഫെബ്രുവരി 22ന് സമാഗതമാകുന്ന പൂജിതപീഠം സമർപ്പണം വാർഷികാഘോഷത്തോടനുബന്ധിച്ചുള്ള വിവിധ പ്രചരണ പരിപാടികൾക്ക് ഡിസംബർ 6 വ്യാഴാഴ്ച മുതൽ തുടക്കമാകും. ശാന്തിഗിരി വിശ്വസാംസ്കാരിക നവോത്ഥാനകേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ സംസ്ഥാനത്തെ എല്ലാ വ്യാഴാഴ്ച പ്രാർത്ഥനാ യൂണിറ്റുകളിലും നടത്തുന്ന പൂജിതപീഠം സമർപ്പണം സത്സംഗത്തോടെയാണ് പരിപാടികൾ ആരംഭിക്കുന്നത്.

പൂജിതപീഠം സമർപ്പണം വ്രതാചരണങ്ങൾ (41 ദിവസം) ആരംഭിക്കുന്ന 2019 ജനുവരി 13നകം സത്സംഗങ്ങൾ പൂർത്തിയാകും. ശാന്തിഗിരി ഗൃഹസ്ഥാശ്രമസംഘത്തിന്റെ ആഭിമുഖ്യത്തിൽ ആശ്രമപരിസരത്തെ 12 യൂണിറ്റുകളിലും വിവിധ പ്രചരണപരിപാടികൾ നടത്തുന്നതിന് ഉദ്ദേശിച്ചിട്ടുണ്ട്.

ഗുരുവിന്റെ ത്യാഗം സമാനതകളില്ലാത്തതാണ്. ദൈവേച്ഛയ്ക്കുവേണ്ടി നിലകൊണ്ടതാണ് ഗുരുവിന്റെ ജീവിതം. ഗുരുവിന്റേതായിട്ട് ഗുരു ഒന്നും കരുതിയില്ല. എല്ലാം ദൈവത്തിന്റേതായി കരുതി. ഗുരുവിനായി ഗുരു ഒന്നും സൂക്ഷിച്ചില്ല. എല്ലാം ലോകത്തിനായി സൂക്ഷിച്ചു.

ഗുരുവിന്റെ ശിഷ്യസമ്പത്തിനെപ്പോലും ഗുരു വാർത്തെടുത്തത് അങ്ങനെയാണ്. ഗുരുവിന്റെ ശിഷ്യസമ്പത്ത് ജാതിമതവർണ്ണവർഗ അടിസ്ഥാനത്തിലുള്ളതല്ല. എല്ലാത്തിനും അതീതമായി, സകലതിനെയും മാനിച്ചും അംഗീകരിച്ചും ആദരിച്ചും ദൈവമെന്ന ഏക സത്യത്തിലേക്ക് മനുഷ്യരാശിയെ കൈപിടിച്ചുനടത്തുന്ന ഒരു കർമ്മവീഥിയാണ് ശിഷ്യസമ്പത്തിലൂടെ ഗുരു ഒരുക്കിയത്. അതിനു ദൈവത്തോളം മഹിമയുണ്ട്. അനുഭവമാണ് ദൃഷ്ടാന്തം. അനുഭവത്തിന് നിർവചനമില്ല. അനുഭവിച്ചറിയുകയാണ് ഗുരുവിനെ, ഗുരുവിന്റെ പരമ്പരയെ അല്ലെങ്കിൽ ശിഷ്യസമ്പത്തിനെ. ലോകം കണ്ടറിയുന്നതാണിത്. ലോകത്തിനുമുമ്പിൽ ഗുരുവിന്റെ ശിഷ്യസമ്പത്ത് സ്വയം സമർപ്പിക്കപ്പെട്ടിരിക്കുന്നു. പൂജിതപീഠം സമർപ്പണം ആഘോഷത്തിന്റെ പ്രസക്തിയും പ്രാധാന്യവും ഇവിടെയാണ്.

ആത്മസമർപ്പണത്തിന്റെ അല്ലെങ്കിൽ ശിഷ്യസമ്പത്തിന്റെ ആത്മനിവേദിത കർമ്മത്തിന്റെ ഇച്ഛാശക്തിയും നിശ്ചയദാർഢ്യവും കരുത്തുമാണിവിടെ വെളിവാകുന്നത്. ഈശ്വരനിശ്ചയത്തിനുവേണ്ടി ജീവിക്കാനുള്ള ശിഷ്യസമ്പത്തിന്റെ ത്യാഗസന്നദ്ധതയാണിത്. ഇത് ബ്രഹ്മത്തിന്റെ ചിരസ്ഥായിയായ കരുതലും സൂക്ഷിപ്പുമാണ്.

ആത്മനിവേദിതകർമ്മത്തിന്റെ ത്യാഗസന്നദ്ധതയ്ക്ക് പുണ്യാർജ്ജിതമായ കർമ്മവശം പകരാൻ ഈ സുദിനം (ഫെബ്രുവരി 22 ) അർദ്ധവാർഷിക കുംഭമേളയായി ആഘോഷിക്കുവാൻ പരമകാരുണികനായ ഗുരുവിൽ നിന്നും ശിഷ്യസമ്പത്തിന് അനുവാദം ലഭിച്ചിരിക്കുന്നു. ഇത് ദൈവകനിവിന്റെ മറ്റൊരു ദൃഷ്ടാന്തമാണ്. ശരീരവും മനസ്സും വീടും പരിസരവും വൃത്തിയായി സൂക്ഷിച്ച് വ്രതശുദ്ധിയോടെ കുംഭമേളയിൽ സംബന്ധിച്ച് കുംഭം ശിരസിലെടുത്ത് പ്രാർത്ഥിക്കുന്നവർക്ക് അളവറ്റ പുണ്യത്തിന്റെ ദൈവകനിവിന്റെ നിറസമൃദ്ധി ലഭിക്കുന്നു.

പൂജിതപീഠം സമർപ്പണം ആഘോഷത്തിലും കുംഭമേളയിലും പങ്കെടുക്കുന്നതിന് കേരളത്തിനകത്തും പുറത്തും നിന്നുമായി ആയിരക്കണക്കിന് ആത്മബന്ധുക്കൾ ആശ്രമത്തിലെത്തിച്ചേരും.

# സമഗ്ര വികസന പദ്ധതികളുമായി ശാന്തിഗിരി വിദ്യാഭവൻ

## 2019- 20 അധ്യയന വർഷത്തേക്കുള്ള അഡ്മിഷൻ ആരംഭിച്ചു



**എഡ്യുക്കേഷൻ സോൺ:** കുട്ടികളെ ലോകത്തിനുതകുന്ന രീതിയിൽ വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെ പ്രവർത്തിക്കുന്ന ശാന്തിഗിരി വിദ്യാഭവനിൽ 2019-20 അധ്യയന വർഷത്തേക്കുള്ള അഡ്മിഷൻ ആരംഭിച്ചു. വിദ്യാർത്ഥികളുടെ ഭൗതികവും ആത്മീയവുമായ പുരോഗതി ലക്ഷ്യമാക്കി നിരവധി പദ്ധതികൾ വിദ്യാഭവനിൽ ആവിഷ്ക്കരിച്ചിട്ടുണ്ട്.

കുട്ടികളിൽ ശാസ്ത്രാഭിരുചി വർദ്ധിപ്പിക്കാൻ വേണ്ടി കേന്ദ്ര സർക്കാർ ആരംഭിച്ച അടൽ തിങ്കറിങ് ലാബ്, വിദ്യാർത്ഥികൾക്ക് സ്വന്തമായി ബിസിനസ് സംരംഭങ്ങൾ തുടങ്ങുന്നതിന് ആവശ്യമായ പരിശീലനവും മാർഗ്ഗനിർദ്ദേശങ്ങളും നൽകുന്ന വ്യാവസായിക സംരംഭകത്വ ക്ലബ്ബ്, ലാംഗ്വേജ് ലാബ്, സ്കൗട്ട് & ഗൈഡ്സ് തുടങ്ങിയവ വിദ്യാഭവന്റെ പ്രത്യേകതകളാണ്. നാടകത്തിലൂടെ പഠനം രസകരമാക്കുന്നതിന് ഓസ്ട്രേലിയ ആസ്ഥാനമാക്കിയുള്ള സ്ഥാപനം നടത്തുന്ന 'ഹെലൻ ഒ ഗ്രേഡി' പരിപാടി, സൂപ്പർ ചൈൽഡ് പ്രോഗ്രാം, ഇംഗ്ലീഷ് ഭാഷ അനായാസം പഠിക്കുന്നതിനുവേണ്ടി തുടങ്ങിയിരിക്കുന്ന ഇംഗ്ലീഷ് ഫെസ്റ്റ്, പഠനത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികൾക്കായി എല്ലാദിവസവും മൂന്നു മണിമുതൽ നാലു മണിവരെ നടത്തുന്ന കോച്ചിംഗ് ക്ലാസ്സ്, പത്രവായന, പൊതുവിജ്ഞാനം ഇവയെ പരിപോഷിപ്പിക്കുന്നതിന് നടത്തുന്ന പ്രത്യേക ക്ലാസ്സുകൾ തുടങ്ങിയ സവിശേഷതകളാൽ ശാന്തിഗിരി വിദ്യാഭവൻ സീനിയർ സെക്കന്ററി സ്കൂളിന്റെ പ്രവർത്തനം ശ്രദ്ധേയമാവുകയാണ്. അഡ്മിഷനും മറ്റു വിവരങ്ങൾക്കുമായി ബന്ധപ്പെടുക.

ഫോൺ: 8606152438

# താമര പർണശാലയുടെ മാതൃകയുമായി ഫർസാന

**കല്ലമ്പലം:** കണ്ണൂരിൽ നടന്ന സംസ്ഥാന സ്കൂൾ ശാസ്ത്രോത്സവത്തിൽ ശാന്തിഗിരി ആശ്രമത്തിലെ താമരപർണശാലയുടെ മാതൃക നിർമ്മിച്ച് കല്ലമ്പലം കെ.ടി.സി.ടി കടുവയിൽ ഹയർസെക്കന്ററി സ്കൂളിലെ പത്താം ക്ലാസ്സ് വിദ്യാർത്ഥിനി ഫർസാന ഹുസൈൻ ഏവരുടെയും ശ്രദ്ധ പിടിച്ചുപറ്റി. മാത്തമാറ്റിക്സ് സ്റ്റിൽ മോഡലിൽ കേരളത്തിലെ ഏറ്റവും വലിയ മാർബിൾ മന്ദിരം എന്ന നിലയിലാണ് ഫർസാന ഈ മാതൃക നിർമ്മിച്ചത്. തിരുവനന്തപുരത്ത് നടന്ന ഹൈസ്കൂൾ തല ശാസ്ത്രോത്സവത്തിൽ ഫർസാന ഒന്നാം സ്ഥാനം നേടിയിരുന്നു.

നഗരൂരിലെ എം.എ.ആർ മൻസിലിൽ ആർട്ട് ഡയറക്ടറായ സക്കീർഹുസൈന്റെയും കെ.എ അനിതമോളുടെയും മകളായ ഫർസാന സകുടുംബം ഈയിടെ ആശ്രമം സന്ദർശിച്ചിരുന്നു.



ഫർസാന പർണശാല മാതൃകയോടൊപ്പം

# ഗുരുവാണി

നമ്മുടെ ആശ്രമത്തിന്റെ എല്ലാ കാര്യങ്ങളുടെയും നിദാനസ്വഭാവം പ്രാർത്ഥനയിലൂടെ വന്നിട്ടുള്ളതാണ്. നമ്മുടെ പ്രാർത്ഥന എന്തിനു വേണ്ടിയാണെന്ന് ലോകത്തിനു മനസ്സിലാകുന്ന ഒരു സ്വഭാവം വന്നു ചേരും. ഇരുപത്തിയേഴു പ്രാവശ്യം പൂർത്തീകരണം എന്ന പേരിൽ ഒരു കർമം നടത്തി. ഇരുപത്തിയേഴു നക്ഷത്രത്തിന്റെ സ്വഭാവത്തിലായിരുന്നു ആ പൂർത്തീകരണങ്ങൾ. 1973-ൽ ഇരുപത്തിയേഴും പൂർത്തിയായി. ഇരുപത്തിയേഴാമത്തേതു പൂർത്തിയായ അന്നാണ് 'ഞാൻ ആഗ്രഹിച്ചകാര്യം പൂർത്തിയായി'എന്ന് അറിയിപ്പ് കിട്ടിയത്.

ഈ അന്തരീക്ഷത്തിൽ പൂർണഭാവങ്ങളുടെ അണുക്കൾ നിറഞ്ഞു നില്ക്കുകയാണ്. അതുകൊണ്ട് പെണ്ണും ആണും സൂക്ഷിച്ചിവിടെ കൈകാര്യം ചെയ്യണം. നിങ്ങളുടെ ഓരോവാക്കും ഓരോ നോട്ടവും ഓരോ ഭാവവും ഈ അന്തരീക്ഷത്തിൽ പകർന്ന് തങ്ങിനിൽക്കും. നിങ്ങളുടെ ജീവിതത്തിൽ നിന്ന് അതൊരിക്കലും മാറുകയില്ല. ദയാനന്ദസരസ്വതി, ഋഷികേശ് ശിവാനന്ദൻ, ശങ്കരാചാര്യർ... അങ്ങനെ സകല പേരും തോറ്റ രംഗമാണിത്. അപ്പോൾ പിന്നെ നിങ്ങളുടെ കാര്യം പറയുകയും വേണ്ട. നിങ്ങളുടെ കഴിവും കർമശേഷിയും ഇതിനുവേണ്ടി ഉപയോഗപ്പെടുത്താൻ കഴിഞ്ഞാൽ അതൊരു വലിയ ഭാഗ്യമാണ്.

നിങ്ങളുടെ പ്രവൃത്തിയെയാണ് ഞാൻ സ്നേഹിക്കുന്നത് പണത്തെയല്ല. ഇതൊരു വലിയ ത്യാഗത്തിന്റെ ഫലമാണെന്നും, അതിനെ മാനിച്ച് ഞാൻ എന്തും ത്യജിക്കുമെന്നും ഒരു വാശിയും നോവുമാണിതിനു വേണ്ടത്. വിനയവും വിനയത്തോടൊപ്പം വാക്കിലൊരു സൂക്ഷിപ്പും, അപ്പാ! ഞാൻ എന്തൊക്കെയോ ചെയ്യുന്നു. എന്തൊക്കെയോ ചെയ്യിക്കുന്നു. എന്നെ നിന്റെ ഇച്ഛയ്ക്കനുസരിച്ചു തന്നെ എപ്പോഴും ചെയ്യിക്കേണമേ എന്നൊരു യാചനാസ്വരത്തിലുള്ള പ്രാർത്ഥനയും പുലർത്തണം. ജീവനെ ഇതിനു വേണ്ടി അർപ്പിക്കാനൊരു അർപ്പണമനോഭാവം ഉണ്ടെങ്കിലേ ഇതു ശരിയാകൂ. ഇന്നു പ്രവർത്തിക്കുന്നവർ, ഒരു കുട്ടിയായാലും ഇതു തെറ്റിക്കാതെ കൊണ്ടുപോയാൽ അവരുടെ നാമം ചരിത്രത്തിന്റെ ഏടുകളിൽ പതിയും എന്നതിൽ സംശയമേ വേണ്ട. അതിന് ഒന്നോ രണ്ടോ തലമുറകൾ കഴിഞ്ഞെന്നുവരാം.

ഇതു നിങ്ങളുടെ പൂർവികർക്ക് കിട്ടാത്ത ഭാഗ്യമാണ്. നിങ്ങൾക്ക് ആ ഭാഗ്യം കിട്ടിയിരിക്കുന്നു. ഇത് ഒന്നിനും ആർക്കും അടിമപ്പെടാനുള്ളതല്ല. നബിയുടെ മക്കളെ കൊന്നിട്ട് ഭരണം പിടിച്ചു പറ്റിയതിന്റെ മഹാപാപശക്തിയാണ്, മുസ്ലീങ്ങൾ എവിടെ ഭരണമേറ്റാലും അവിടെ കൊല്ലും കൊലയും നടക്കുന്നതിനു കാരണം. അതിനാൽ നിങ്ങളുടെ ജീവിതവും ജീവിതത്തിലെ വികൃതിയും ഇവിടെ അഴിച്ചു തീർക്കണം.

നിങ്ങൾ ഒരു ചിട്ടയോടെ ജീവിക്കുകയാണെങ്കിൽ നല്ലതും ചീത്തയും ഇടകലർന്നു വരുന്നതായി മനസ്സിലാക്കാൻ കഴിയും. ജീവന്റെ അടിത്തട്ടിൽ കിടക്കുന്ന വാസനാമയമായ ചീത്ത വെളിയിൽ വന്ന് അഴിഞ്ഞുമാറി ആ സ്ഥാനത്ത് നല്ലതു വന്നു ചേരണം. നല്ല കാര്യങ്ങൾ കൂടുതൽ ചെയ്യുന്നവരിൽ അത്രയും തൂക്കത്തിൽ ചീത്ത വരും. ജിജ്ഞാസുവോ സാത്വികനോ ആണെങ്കിൽ അതിനെ സ്വയം തടയാൻ കഴിയും.

ഒരു പുതിയ ഭൂമി കിട്ടിയതുപോലെയാണ് നമ്മുടെ അനുഭവം. കിട്ടുന്നതിന് മുമ്പ് അതെന്താണെന്നറിയില്ല. ഭൂമി എന്നു പറഞ്ഞത് ശരീരത്തെ ഉദ്ദേശിച്ചാണ്. ഹൃദയമാകുന്ന ഗോഡൗണിൽ ധാരാളം സാധനങ്ങൾ സൂക്ഷിച്ചിട്ടുണ്ട്. അത് ചീത്തയാകാതെ സൂക്ഷിക്കണം. എത്ര കഷ്ടപ്പെട്ടായാലും അത് ചെയ്തൊതുക്കാൻ കഴിയണം. പുണ്യവും പാപവും രണ്ടും നമുക്കാവശ്യമില്ല എന്നൊരവസ്ഥ വരണം. പുണ്യം സമ്പാദിച്ചാൽ പിന്നെ അതിന്റെ ഫലം അനുഭവിക്കാൻ വീണ്ടും ജനിക്കണമല്ലോ. നിങ്ങളുടെ മനസ്സിനെ ധൈര്യപ്പെടുത്തിയാൽ ആർക്കും നിങ്ങളെ കീഴ്പ്പെടുത്താനാവില്ല. ഇവിടെ വന്നുനിൽക്കുന്നവർ ആണും പെണ്ണും അറിഞ്ഞോ അറിയാതെയോ എന്തൊക്കെയോ നല്ല കാര്യങ്ങൾ ചെയ്യുന്നുണ്ട്. വേദനവരുന്ന സമയത്ത് നിങ്ങൾ കരയുന്നു. ആ കരച്ചിലിൽക്കൂടിപ്പോലും 'നിന്റെ ഇച്ഛ ചെയ്യാൻ കഴിയു മാറാകണമേ' എന്നു പ്രാർത്ഥിക്കണം. നമുക്കു സിദ്ധി ആവശ്യമില്ല. സിദ്ധി കാലവിശേഷമാണ്. അതാതു കാലത്തെ ഒരു വിശേഷമായിട്ടു സിദ്ധി പ്രവർത്തിച്ചാൽ മതി. ഈ കാലത്തേക്കു സിദ്ധി ആവശ്യമില്ല. കൃഷ്ണൻ സിദ്ധിയുടെ പൂർണ സ്വഭാവം കാണിച്ചു നിർത്തി. ഇനി അതു പാടുള്ളതല്ല. നമ്മെ സത്യയുഗത്തിലേക്ക് നയിക്കുകയാണ് ദൈവം. അതിന് അങ്ങോട്ടു ചെയ്തിട്ട് ഇങ്ങോട്ടെടുക്കുകയാണു വേണ്ടത്. അല്ലാതെ ദൈവത്തിനു നിങ്ങൾ ഒന്നും ചെയ്തുകൊടുക്കേണ്ടതില്ല. ഹൃദയം നൊന്തു ചെയ്ത് ആ നോവിന്റെ ഫലമെടുക്കുകയാണ് വേണ്ടത്. ഒരിഞ്ചെങ്കിലും ചെയ്ത നിങ്ങൾ ഒരിക്കലും പുറകോട്ടു പോകരുത്. ഓരോരുത്തരുടെയും നല്ല ഗുണങ്ങൾ മാതൃകയാക്കണം. ഒരു ചെറിയ ജീവിയിൽ നിന്നുപോലും പഠിക്കാനുണ്ട്. എല്ലാറ്റിൽ നിന്നും പഠിച്ച് എന്റെ പ്രവൃത്തികൊണ്ട് ഒരാളെങ്കിലും നന്നാകും എന്ന വാശി പുലർത്തണം.

## വചനദീപ്തി

*ഗുരു എന്നെ ഉപദേശിക്കുന്നു, വെളിച്ചത്തിലേക്കെന്നെ നയിക്കുന്നു, അവിടുന്നുതന്നെ ഒരു കണ്ണിയായുള്ള ചങ്ങലയിൽ എന്നെ ഒരു കണ്ണിയാക്കുന്നു.*

**- സ്വാമി വിവേകാനന്ദൻ -**

## സ്പിരിച്വൽ ഡ്യൂട്ടി ലിസ്റ്റ്

05.12.2018 ജ്യോതിപുരം

## യാമപ്രാർത്ഥന

2018 ഡിസംബർ 06, വ്യാഴം 06.00 pm – 09.00 pm

## പ്രകാശപഥം

# 'പ്രത്യക്ഷാവഹം ധർമം'

ഗുരു നമ്മുടെ മുമ്പിൽ എല്ലാമായിട്ടു നിൽക്കുന്നു. ആത്മസ്വരൂപം ആത്മാവിനെ നിവേദിച്ചറിയുന്ന ധർമത്തിന്റെ പാതയിലേക്ക് നമ്മെ അടുപ്പിക്കുന്നു. എവിടെയാണ് ആ സ്വരൂപത്തിന്റെ അവസ്ഥാന്തരം? അല്ലെങ്കിൽ ആ തപശ്ചര്യയിൽ ഗുരു അനുഭവിച്ച ത്യാഗത്തിന്റെ സുകൃതം എവിടെയാണ്?അത് ഇരുപത്തിയഞ്ച് ചതുര്യുഗങ്ങളായിട്ട് എങ്ങനെയാണ്? ആ ഇരുപത്തിയഞ്ച് ചതുർയുഗങ്ങളിലെ തെറ്റിനെ തിരുത്താൻ, ബ്രഹ്മം തന്റെ ഗുരുവിന്റെ രൂപത്തെ ഈ ഭൂലോകത്തിലേക്ക് കൊണ്ടുവന്നതെന്ന് അനുഭവിച്ചറിയുന്ന ഒരു സത്യം, ആ സത്യത്തിന്റെ പൂർത്തീകരണസ്വഭാവം ഇന്നതുപോലെയാണെന്ന് തന്റെ ഗുരു അനുഭവം കൊണ്ട് കാണിച്ചു തരും.

ആ അനുഭവം മറ്റൊന്നുമല്ല. ശിഷ്യൻ ഗുരുവിനെ അറിയും. എങ്ങനെ? തന്റെ ഓരോ നിമിഷാർധം താൻ പങ്കുവെച്ച എല്ലാ വേദനയിലും സുഖത്തിലും ദുഃഖത്തിലും യുഗാന്തരങ്ങളായും ഇപ്പോഴുള്ളതും കഴിഞ്ഞുപോയതും ഇനി വരാനിരിക്കുന്നതുമായ ദീർഘദർശിത്വം കൊണ്ട് ശിഷ്യൻ അറിയുന്ന ഗുരു. ആ ഗുരുവാണ് കാലാന്തരഗുരു. ആ കാലാന്തരഗുരു എങ്ങനെയെല്ലാം ഭൂമികകളിൽ ജന്മം എടുത്തിരുന്നു. ഏതെല്ലാം യുഗങ്ങളിൽ, മന്വന്തരങ്ങളിൽ ഏതെല്ലാം ശ്രേണികളിൽപ്പെട്ട് ജീവിതം ആരോടൊക്കെയൊത്ത് ജീവിച്ചിരുന്നു എന്ന് നാം അനുഭവിച്ചുതന്നെ അറിയണം. ആ അനുഭവസാക്ഷിത്വത്തെ 'ത്രിപുടി മുടിഞ്ഞ് തെളിഞ്ഞിടുന്ന ദീപം കപടയതിക്ക് കരസ്ഥമാകില്ല" എന്നാണ് വിവക്ഷിച്ചിരിക്കുന്നത്. ഈ ത്രിപുടി എന്താണ്? ഈ സന്ന്യാസി എവിടെയാണ്? അല്ലെങ്കിൽ ഈ ഭക്തൻ എവിടെയാണ്? അല്ലെങ്കിൽ ഈശ്വരൻ എവിടെയാണ്? ഞാൻ ഈശ്വരനെ കണ്ടിട്ടുണ്ടോ എന്നു ചോദിച്ചാൽ നിങ്ങളെ കാണുന്നതിനേക്കാൾ വ്യക്തവും പൂർണ്ണവുമായ സ്വരൂപ അരൂപങ്ങളോടുകൂടി എന്റെ ഗുരുവിൽക്കൂടി ഈശ്വരനെ അറിയുന്നു, അല്ലെങ്കിൽ ദൈവത്തെ അറിയുന്നു, അല്ലെങ്കിൽ പരബ്രഹ്മത്തെ അറിയുന്നു, എന്നു പറയാൻ കരുത്താർജ്ജിച്ച ഒരു ശിഷ്യപരമ്പരയാണ് നാം.

അങ്ങനെ ബ്രഹ്മം എന്താണെന്നും ഏതാണ് ബ്രഹ്മപ്രകാശമെന്നും പരബ്രഹ്മപ്രകാശം എന്താണെന്നും എന്താണ് ഈ ഒലിയെന്നും ആ ഒലിയിൽവച്ച് ഏതെല്ലാം ഒലികൾ ചേർന്നാണ് മറ്റൊരു ഒലിയെന്നും താൻ സൂക്ഷിച്ചുവച്ചിരുന്ന തപശ്ചര്യയിൽ നിന്നും അടർത്തിയെടുത്തതുപോലെ മാംസക്കണ്ണിനും ഗോചരമായി തന്റെ ഗുരു 'പ്രത്യക്ഷാവഹം ധർമം' എന്ന നിലയിൽ തന്റെ ശിഷ്യന് കാട്ടിക്കൊടുക്കുന്നു.

**ദൈവസ്നേഹം പങ്കുവയ്ക്കുന്ന നിമിഷാർദ്ധങ്ങൾ** -അഭിവന്ദ്യ ശിഷ്യപൂജിതയുടെ പ്രഭാഷണത്തിൽ നിന്ന്

# ജീവിതവും ആത്മീയതയും ഒന്നാകുമ്പോൾ

"വീടിന്റെ ഉദ്ധാരണം നടക്കണമെങ്കിൽ ആദ്യ ഗുരുവായ അമ്മ എന്ന സ്ത്രീ നന്നാകണം. അറിവുള്ളവളാകണം" എന്നാണ് ഗുരു അരുളിചെയ്തിരിക്കുന്നത്. "ആകാശംപോലെ തെളിഞ്ഞ മനസ്സുള്ള ആളായിരിക്കണം അച്ഛൻ എന്നും" ഗുരു പറയുന്നു. ഇതു രണ്ടും കുടുംബങ്ങളിൽ ഉണ്ടാകുന്നില്ല. ഇരുൾമൂടിയ ഹൃദയവും മനസ്സും വികലവും വികൃതവുമായ ചിന്തകളും നന്മ തൊട്ടുതീണ്ടാത്ത സ്വഭാവവിശേഷവും കുടുംബങ്ങളെ നയിക്കുന്നു. മാതൃകയാകേണ്ട പലതും ദുഷിപ്പിന്റെ വള്ളിക്കുടിലുകളും ഗോപുരങ്ങളുമാകുന്നു. എവിടെ ഒരു പുതുവെളിച്ചം? എവിടെ ഒരു സ്നേഹധാര?

ഗുരുവിന്റെ ഒരു വാക്കുകൂടി കടംകൊണ്ടു പറഞ്ഞാൽ, 'മനുഷ്യബുദ്ധിയിൽപ്പെട്ട നീതിന്യായങ്ങൾ മനുഷ്യന്റെ ധർമ്മങ്ങൾ പുലർത്താൻ പര്യാപ്തമല്ല. ഭക്തിയാണെന്ന് പറഞ്ഞ് ആടിക്കുഴഞ്ഞു ഞെരിപിരികൊള്ളുന്നതിന്റെ ആവശ്യകതയെന്തെന്നുപോലും ജനങ്ങൾ ചിന്തിക്കാറില്ല'. ഇതെത്രയോ ശരിയാണ്! അറിഞ്ഞും അറിയാതെയും എന്തെല്ലാമാണ് ചെയ്തുകൂട്ടുന്നത്! എന്നാൽ ജീവിതം നേരെകൊണ്ടുപോകാൻ എന്തെങ്കിലും ഒരു പരിശ്രമം ഉണ്ടാകുന്നുണ്ടോ? മനുഷ്യപ്രകൃതത്തിനടിസ്ഥാനമായ മനസ്സും വാക്കും പ്രവൃത്തിയും ശുദ്ധീകരിക്കുന്നതിനു വേണ്ട എന്തെങ്കിലും ചെയ്യുന്നുണ്ടോ? വാസനാമയമായ കർമ്മഗതി തിരുത്തിയെടുക്കാൻ കഴിയുന്നുണ്ടോ? ഇല്ലെന്നതാണ് വാസ്തവം. എല്ലാം ചെയ്യുന്നുണ്ട്; പ്രത്യേകിച്ച് ഭക്തിയുടെ വഴിയിൽ; ഈശ്വരനിൽ വിശ്വാസവുമുണ്ട്. പക്ഷേ സ്വയം നന്നാകുന്നതിനൊരു ശ്രമം അധികം പേരിലും കാണുന്നില്ല. നന്നാകേണ്ട കാര്യമുണ്ടെന്നുതന്നെ അംഗീകരിക്കുമോ ചിലരെങ്കിലും? മറ്റുള്ളവർ നന്നാകണമെന്നു വാദിച്ചേക്കും; താൻ നന്നായി കഴിഞ്ഞിരിക്കുകയാണല്ലോ എന്നാവും അങ്ങനെയുള്ളവരുടെ ചിന്ത. പുറമേയ്ക്ക് അവർക്കു ചില നന്മകളൊക്കെ കാണും. പക്ഷേ അടുത്തുപെരുമാറി വരുമ്പോൾ പെരുമാറുന്നവർക്ക് മനസ്സിലാകും അവരൊരിക്കലും അവരുടെ തെറ്റ് അംഗീരിക്കുന്നവരോ മറ്റുള്ളവരുടെ നന്മ അംഗീകരിക്കുന്നവരോ അല്ലെന്ന്. അവർ അവരുടെതന്നെ വലിപ്പത്തെ മാനിക്കുന്നവരും മറ്റുള്ളവരുടെ വലിപ്പത്തെ മാനിക്കാത്തവരുമായിരിക്കും. ഇവരെ എങ്ങനെ നേരെയാക്കും? ആരു തിരുത്തും?

ഒരു മാതൃകയുടെ പ്രസക്തി ഇവിടെയാണ്. സ്നേഹത്തിനൊരു മാതൃക. സത്യധർമ്മാദികൾക്കൊരു മാതൃക. കലർപ്പില്ലാത്ത ആ മാതൃക മലിനഹൃദയങ്ങളെ വിമലീകരിക്കാൻ പര്യാപ്തമാകണം. മനസ്സും വാക്കും പ്രവൃത്തിയും ഒരുപോലെ കൊണ്ടുപോകുന്ന മാതൃക. അപൂർവതയിൽ അപൂർവതയാണത്. യുഗത്തിൽ ഒന്നോ രണ്ടോ അല്ലെങ്കിൽ എണ്ണത്തിൽ കുറവായോ വരുന്ന ആചാര്യന്മാരിലോ ഗുരുക്കന്മാരിലോ മാത്രമാണ് കാണുന്നത്. ശ്രീരാമനിലും ശ്രീകൃഷ്ണനിലും യേശുവിലും നബിതിരുമേനിയിലും ലോകം ഇതു കണ്ടു. മറ്റ് അപൂർവ്വം ഗുരുക്കന്മാരിലും ഇതു കാണാം. ഈ ആചാര്യന്മാരെയും ഗുരുക്കന്മാരെയും പിൻപറ്റുന്നവർക്ക് അവരുടെ വാക്കും പ്രവൃത്തിയും ഒരുപോലെ കൊണ്ടുപോകുന്ന മാതൃക. അപൂർവതയിൽ അപൂർവതയാണത്. യുഗത്തിൽ ഒന്നോ രണ്ടോ അല്ലെങ്കിൽ എണ്ണത്തിൽ കുറവായോ വരുന്ന ആചാര്യന്മാരിലോ ഗുരുക്കന്മാരിലോ മാത്രമാണ് കാണുന്നത്. ശ്രീരാമനിലും ശ്രീകൃഷ്ണനിലും യേശുവിലും നബിതിരുമേനിയിലും ലോകം ഇതു കണ്ടു. മറ്റ് അപൂർവ്വം ഗുരുക്കന്മാരിലും ഇതു കാണാം. ഈ ആചാര്യന്മാരെയും ഗുരുക്കന്മാരെയും പിൻപറ്റുന്നവർക്ക് അവരുടെ വാക്കും പ്രവൃത്തിയും മാതൃകയായിക്കണ്ട് ജീവിക്കാൻ ബാധ്യതയുണ്ട്. അപ്പോഴേ അത് സാക്ഷാത്കാരത്തിന്റെ പാതയാകൂ.

ദൈവം മഹോന്നതനാണെന്നു പറഞ്ഞു പാടി സ്തുതിച്ചാൽ അങ്ങനെ ചെയ്യുന്നവൻ അങ്ങനെയാവില്ല. ദൈവത്തെ മോശപ്പെടുത്തി പറഞ്ഞാൽ ദൈവം മോശവുമാകില്ല. പറയുന്നവരുടെ വാഴ്ത്തലിലോ ഇകഴ്ത്തലിലോ അല്ല ദൈവത്തിന്റെ അസ്തിത്വം നിലകൊള്ളുന്നത്. ആരു പറഞ്ഞാലും ഇല്ലെങ്കിലും ദൈവം മഹോന്നതൻ തന്നെയാണ്. ദൈവത്തിന്റെ മഹോന്നതിയിലേക്ക് മനുഷ്യനെത്തപ്പെടുക എന്നതാണ് ജീവിതംകൊണ്ട് മനുഷ്യന് ചെയ്യാനുള്ളത്. ദൈവത്തിന്റെ സ്നേഹം സമ്പാദിക്കുക; അതിനുതകുന്ന ജീവിതം നയിക്കുക. ഇവിടെയാണ് ജീവിതവും ആത്മീയതയും ഒന്നാകുന്നത്.

# ഏരിയ പൊതുയോഗം നടന്നു



ഏരിയ പൊതുയോഗം ഉദ്ഘാടന ചടങ്ങിൽ നിന്ന്

**കിള്ളിപ്പാലം:** തിരുവനന്തപുരം സിറ്റി ഏരിയയിലെ ആത്മബന്ധുക്കളുടെ പൊതുയോഗം നവംബർ 25 രാവിലെ 10 മണിക്ക് കിള്ളിപ്പാലം ആധാർഭവനിൽ വച്ച് നടന്നു. ഏരിയ ഇൻചാർജ് ആദരണീയ സ്വാമി ജനതീർത്ഥൻ ജ്ഞാനതപസ്വി യോഗം ഉദ്ഘാടനം ചെയ്തു. ആദരണീയ സ്വാമി ഗുരുസവിധ് ജ്ഞാന തപസ്വി മുഖ്യപ്രഭാഷണം നടത്തി. ഗുരുശിഷ്യബന്ധത്തിന്റെ വിവിധ വശങ്ങളെക്കുറിച്ച് സ്വാമി വിശദമായി സംസാരിച്ചു. അന്ത്യം വരെയും ആശ്രമത്തിൽ പിടിച്ചുനിൽക്കുക എന്നതാണ് ഏറ്റവും വലിയ ഭാഗ്യം. എല്ലാ പ്രതിസന്ധികളെയും നമ്മുടെ പ്രാർത്ഥനകൊണ്ട് മറികടക്കാമെന്നും സ്വാമി കൂട്ടിച്ചേർത്തു. ആദരണീയ സ്വാമി ജനമോഹനൻ ജ്ഞാനതപസ്വി, രാജീവ് മാധവൻ, വി മുരുകൻ, എസ് സേതുനാഥ്, കെ സരസ്വതി അമ്മാൾ, എസ് വന്ദിതൻ എന്നിവർ ചടങ്ങിൽ പങ്കെടുത്തു. ഏരിയയുടെ വിവിധ ഭാഗങ്ങളിൽ നിന്നും കുടുംബത്തോടൊപ്പം പങ്കെടുത്ത വിശ്വാസികൾ യോഗാനന്തരം ഉച്ചഭക്ഷണത്തിന് ശേഷം പിരിഞ്ഞു.



'സൂപ്പർ ചൈൽഡ്'സമ്മാനവിതരണം

# 'സൂപ്പർ ചൈൽഡ്' സമ്മാനവിതരണം നടന്നു

**എജ്യൂക്കേഷൻ സോൺ:** ശാന്തിഗിരി വിദ്യാഭവൻ സീനിയർ സെക്കന്ററി സ്കൂളിൽ നടന്നുവരുന്ന സൂപ്പർ ചൈൽഡ് പദ്ധതിയുടെ ഭാഗമായി വിവിധ മത്സരങ്ങളിൽ പങ്കെടുത്ത വിജയികൾക്കുള്ള സമ്മാനവിതരണം നടന്നു.

നവംബർ 27ന് സകൂളിൽ നടന്ന ചടങ്ങിൽ ആശ്രമം പബ്ലിക് റിലേഷൻസ് അസിസ്റ്റന്റ് ജനറൽ മാനേജർ എം.പി പ്രമോദ്, പി. വിജയകുമാരി, സജീവൻ ഇ, ബിന്ദു നന്ദന തുടങ്ങിയവർ വിജയികൾക്ക് സമ്മാനദാനം നടത്തി. ഡോ. വീരഭദ്രൻ സൂപ്പർ ചൈൽഡ് അക്കാദമിയുടെ നേതൃത്വത്തിൽ ദിലീപ് ജി, ഇവാ ദിലീപ് എന്നിവരാണ് പരിശീലനം നൽകുന്നത്.

കുട്ടികളുടെ ശാരീരികവും മാനസികവും ബൗദ്ധികവുമായ കഴിവുകൾ പരിപോഷിപ്പിക്കുന്നതിന് വേണ്ടിയുള്ള വിവിധ പ്രവർത്തനങ്ങൾ ഉൾക്കൊള്ളുന്ന സംരംഭമാണ് സൂപ്പർ ചൈൽഡ് പരിപാടി.

അനാട്ടമി, പസിൽ, പോസ്റ്റേഴ്സ് തുടങ്ങി വിവിധ ഘട്ടങ്ങൾ ഈ പരിപാടിയിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു. ഇതിനായി പ്രത്യേകം വ്യായാമമുറകൾ ആവിഷ്കരിച്ചിട്ടുണ്ട്. ഏകാഗ്രത, ബുദ്ധിവികസനം, രസകരമായ പഠനം തുടങ്ങി വിവിധ ഗുണങ്ങൾ ഈ പരിശീലനത്തിലൂടെ വിദ്യാർത്ഥികൾക്ക് ലഭിക്കുന്നു.



അഖിലേശരൻ റ്റി.റ്റി - സരിത എസ്.ആർ ദമ്പതിമാർ കാഞ്ഞാംപാറയിൽ നിർമ്മിക്കുന്ന വീടിന്റെ തറക്കല്ലിടൽ കർമ്മം നവംബർ 29ന് സ്വാമി നവകൃപ ജ്ഞാനതപസ്വി നിർവഹിക്കുന്നു



ലക്ഷ്മീകാന്തൻ പി.ആർ - രമ്യ പി ദമ്പതിമാർ കാഞ്ഞാംപാറയിൽ നിർമ്മിക്കുന്ന വീടിന്റെ തറക്കല്ലിടൽ കർമ്മം നവംബർ 12ന് സ്വാമി നവകൃപ ജ്ഞാനതപസ്വി നിർവഹിക്കുന്നു

# വിവാഹിതരായി



കൊല്ലം എഴുകോൺ പുതുശ്ശേരിക്കോണം കിളിത്തട്ടിൽ വീട്ടിൽ കെ സത്യപാലന്റെയു എൽ സുജാതയുടെയും മകൻ എസ് എസ് സുജീഷും തിരുവനന്തപുരം പച്ച നന്ദിയോട് അഖില നിവാസിൽ ജി ശശിധരന്റെയും ആർ ജയശ്രീയുടെയും മകൾ ഡോ. അഖില ജെ എസും നവംബർ 28 ന് ശാന്തിഗിരി ആശ്രമത്തിൽ വച്ച് വിവാഹിതരായി.



കന്യാകുമാരി കളിയിക്കാവിള ഗുരുപുഷ്പത്തിൽ ഡോ. പി.എസ് സെൽവകുമാറിന്റെയും ഡോ. എസ് കർപ്പഗത്തിന്റെയും മകൻ അശ്വിൻ കുമാറും ഇടുക്കി അടിമാലി ശാന്തിമന്ദിരത്തിൽ ജയപ്രകാശന്റെയും എ ചന്ദ്രികയുടെയും മകൾ ജില്ലി ജയസൂര്യയും നവംബർ 28 ന് ശാന്തിഗിരി ആശ്രമത്തിൽ വച്ച് വിവാഹിതരായി.



എറണാകുളം മരട് നിർമ്മലത്തിൽ ദിവംഗതനായ പത്മനാഭന്റെയും ജയാ പത്മനാഭന്റെയും മകൻ സി അനിലേഷും വൈക്കം തലയോലപ്പറമ്പ് വടയാർ ചെമ്പിളയിൽ ഹൗസിൽ ദിവംഗതനായ സി എ അരവിന്ദാക്ഷന്റെയും കെ സുഭദ്രയുടെയും മകൾ സിഎ രമ്യമോളും നവംബർ 28 ന് ശാന്തിഗിരി ആശ്രമത്തിൽ വച്ച് വിവാഹിതരായി.

# ദിവംഗതരായി



എൻ ഭാരതി

**അഞ്ചൽ:** ആലഞ്ചേരി മാവിള വീട്ടിൽ ദിവംഗതനായ എൻ സഹദേവന്റെ ഭാര്യ എൻ ഭാരതി (80) നവംബർ 25 ന് ദിവംഗതയായി. സംസ്കാരം നടന്നു. മക്കൾ ഷീല.ബി, പത്മം.ബി, ഷുജ.ബി, രഞ്ജിത്.എസ്, രേഖാറാണി.ബി (ആർട്സ് & കൾച്ചർ ഡിപ്പാർട്ടുമെന്റ്, ശാന്തിഗിരി ആശ്രമം) മരുമക്കൾ ചന്ദ്രഭാനു, രാജീവ് അഞ്ചൽ, രാജേന്ദ്രൻ, ജീന, ജ്യോതി ഉദയഭാനു (ഓഫീസ് ഓഫ് ദ ഓർഗനൈസിംഗ് സെക്രട്ടറി, ശാന്തിഗിരി ആശ്രമം).



വിജയൻ എൻ

**ജനസേവികപുരം:** ഗുരുകമലത്തിൽ വിജയൻ എൻ (52) നവംബർ 30ന് ദിവംഗതനായി. സംസ്കാരം നടന്നു. സഹോദരങ്ങൾ : ഹരിദാസ് എൻ, ബേബിദാസ് എൻ ( ശാന്തിഗിരി മുദ്രണാലയം), സുമാ ജോണി (ശാന്തിഗിരി സിദ്ധ മെഡിക്കൽ ഹോസ്പിറ്റൽ).



അനിക്കുട്ടൻ എ

**കരമന:** കാലടി എ പി നിലയത്തിൽ അനിക്കുട്ടൻ എ (51) നവംബർ 25 ന് ദിവംഗതനായി. സംസ്കാരം നടന്നു. ഭാര്യ ശോഭന കെ. മക്കൾ വിശുദ്ധൻ എ എസ്, വിനീതൻ എഎസ്.

# 'ഒരു ദ്രവീഡിയൻ സഞ്ചാര'മൊരുക്കി ശാന്തിഗിരി വിദ്യാഭവൻ

**എജ്യൂക്കേഷൻസോൺ:** വിവിധ സംസ്ഥാനങ്ങളുടെ വർണ്ണപ്പകിട്ടാർന്ന വേഷവിധാനങ്ങളും ഉത്സവങ്ങളും ഭക്ഷണരീതികളും പുനരാവിഷ്ക്കരിച്ച് ശാന്തിഗിരി വിദ്യാഭവൻ 'ഒരു ദ്രവീഡിയൻ സഞ്ചാര'മൊരുക്കി. കേരളവും കേരളത്തിന്റെ അയൽ സംസ്ഥാനങ്ങളുമാണ് പുനരാവിഷ്ക്കരിക്കപ്പെട്ടത്. തമിഴ്നാട്, കർണാടക,ആന്ധ്രാപ്രദേശ് തുടങ്ങിയ സംസ്ഥാനങ്ങളുടെ സംസ്കാരത്തനിമ വിളിച്ചോതുന്നതായിരുന്നു പരിപാടി. സാംസ്കാരികവും സാമൂഹികവും കലാപരവുമായ പ്രത്യേകതകൾ കുട്ടികൾ ആവിഷ്ക്കരിച്ചു.



*'ഒരു ദ്രവീഡിയൻ സഞ്ചാരം' പരിപാടിയിൽ വിവിധ സംസ്ഥാനങ്ങളിലെ വേഷം ധരിച്ച കുട്ടികൾ*

നവംബർ 30ന് നടന്ന പരിപാടിയുടെ ഉദ്ഘാടനം നാഷണൽ ആയുഷ് മിഷൻ മെഡിക്കൽ ഓഫീസർ ഡോ. വി.ബി.വിജയകുമാർ നിർവഹിച്ചു. സ്കൂൾ വൈസ് പ്രിൻസിപ്പൽ സ്മിജേഷ്.എസ്.എം, അഡിഷണൽ ജനറൽ കൺവീനർ പി.വിജയകുമാരി, ബിനോദ്.കെ തുടങ്ങിയവർ ചടങ്ങിൽ സംബന്ധിച്ചു.ഇതോടൊപ്പം ശാസ്ത്രരംഗത്തെ വിസ്മയങ്ങളെ അവതരിപ്പിച്ചുകൊണ്ടുള്ള സയൻസ് എക്സിബിഷൻ എക്സ്പ്ളോർ ദി പോസിബിലിറ്റീസ്, ഗണിതശാസ്ത്ര മാതൃകകൾ ഉൾപ്പെടുത്തി അവതരിപ്പിച്ച മാത്സ് എക്സ്പോയുമുണ്ടായിരുന്നു



*സൗജന്യ മെഡിക്കൽ ക്യാമ്പിൽ നിന്ന്*

## സൗജന്യ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചു

**എജ്യൂക്കേഷൻ സോൺ:** ശാന്തിഗിരി വിദ്യാഭവൻ ഹയർ സെക്കന്ററി സ്കൂൾ എൻ.എസ്.എസ് യൂണിറ്റ് മാണിക്കൽ പഞ്ചായത്തിലെ ശാന്തിഗിരി വാർഡുമായി ചേർന്ന് സൗജന്യ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചു. ക്യാമ്പിന്റെ ഭാഗമായി പകർച്ചപ്പനി നിർണ്ണയവും മരുന്നുവിതരണവും നടന്നു. നവംബർ 27 ന് ഉച്ചയ്ക്ക് 1 മണി മുതൽ 5 മണിവരെ നടന്ന ക്യാമ്പിൽ നിരവധി പേർ ചികിത്സ തേടിയെത്തി.

ഹോമിയോ മെഡിക്കൽ ഓഫീസർ ഡോ. പ്രീത, ശാന്തിഗിരി വാർഡ് മെമ്പർ ആർ. സഹീറത്തുബീവി, സ്കൂൾ എൻ.എസ്.എസ് പ്രോഗ്രാം ഓഫീസർ എ സജീർ, ആശാവർക്കർ മല്ലിക എന്നിവർ ക്യാമ്പിന് നേതൃത്വം നൽകി.

## ഗൃഹസ്ഥാശ്രമസംഘം പൊതുയോഗം ഇന്ന്

**റിസർച്ച് സോൺ:** ശാന്തിഗിരി ഗൃഹസ്ഥാശ്രമസംഘത്തിന്റെ ഡിസംബർ മാസത്തെ പൊതുയോഗം ഇന്ന് രാവിലെ 7.30ന് റിസർച്ച് സോൺ ഓഡിറ്റോറിയത്തിൽ നടക്കും.

## ശാന്തിഗിരി ഷോപ്പിംഗ് മാളിൽ ഫെസ്റ്റിവൽ ഓഫർ

**റിസർച്ച് സോൺ:** ശാന്തിഗിരി ഷോപ്പിംഗ് മാളിൽ ക്രൃസ്തുമസ് പുതുവത്സര ആഘോഷങ്ങക്ക് വേണ്ടി പ്രത്യേക ഫെസ്റ്റിവൽ ഓഫർ ആരംഭിച്ചു. ഗാർഡൻ സാരികൾ, റെഡിമെയ്ഡ് ഷർട്ടുകൾ,ഫ്രോക്കുകൾ, കളിപ്പാട്ടങ്ങൾ, ടെഡി ബിയർ തുടങ്ങിയവയ്ക്ക് വമ്പിച്ച വിലക്കുറവ്. ഹിമാലയ ബേബി പ്രോഡക്റ്റുകൾക്ക് പത്ത് ശതമാനം ഡിസ്ക്കൗണ്ട് ലഭ്യമാണ്.

## ബി.എസ്.എം.എസ്, ബി.എ.എം.എസ് കോഴ്സുകൾ നീറ്റ് അടിസ്ഥാനത്തിൽ

**തിരുവനന്തപുരം:** സംസ്ഥാനത്ത് സർക്കാർ, എയിഡഡ് സ്വാശ്രയ ആയുർവേദ സിദ്ധ യുനാനി കോളേജുകളിലെ 2019 –20 അധ്യയനവർഷം ആയുഷ് ബിരുദ കോഴ്സുകളായ ബി.എസ്.എം.എസ്, ബി.എ.എം.എസ്, ബി.യു.എം.എസ് പ്രവേശനം നാഷണൽ എലിജിബിലിറ്റി കം എൻട്രൻസ് ടെസ്റ്റ് (നീറ്റ് യു.ജി.2019)മെറിറ്റിന്റെ അടിസ്ഥാനത്തിലായിരിക്കുമെന്ന് ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ അറിയിച്ചു.






ഈ ലോകം.. ഇവിടെ ചില മനുഷ്യർ

വാമനപുരം മണി








Printed and published by Swami Chaithanya Jnana Thapaswi, Chief Editor, on behalf of Santhigiri Ashram, Thiruvananthapuram-695589. For private circulation only.
Editorial Head: Janani Divya Jnana Thapaswini, Editor: T. Sasimohan, Deputy Editor: Anil Cherthala